**പതിനാലാം കേരളനിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1256** 02/03/2017 -ൽ മറുപടിയ്ക്ക്

**സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ. ഫണ്ട് സ്വീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (എ) 25.06.2007 ലെ സർക്കാർ ഉത്തരവ് (കൈ) നം.126/2007/ പൊവിവ, 23.09.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം.196/2014/ പൊവിവ എന്നിവ പ്രകാരം പൊതുവിദ്യാലയങ്ങളിലെ പി റ്റി എ രൂപവല്ക്കരണം സംബന്ധിച്ച് വിശദമായ ഉത്തരവ് നിലവിലുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.126/2007/ പൊവിവ ഉത്തരവിലെ ഖണ്ഡിക 3(1) മുതൽ 3 (22) വരെ പി റ്റി എ അംഗത്വഫീസ്, പി റ്റി എ ഫണ്ട് തുടങ്ങിയവയുടെ ശേഖരണം, കൈകാര്യം ചെയ്യൽ എന്നിവ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നു. ആയതിലെ ഖണ്ഡിക 3 (5) പ്രകാരം പി റ്റി എ "അംഗത്വഫീസ്" എല്ലാ രക്ഷിതാക്കളിൽ നിന്നും നിർബ്ബന്ധമായി ശേഖരിക്കണമെന്ന് നിഷ്കർഷിക്കുന്നതോടൊപ്പം എസ്.സി/ എസ്.റ്റി, മറ്റ് സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർ (സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ) പി റ്റി എ അംഗത്വഫീസ് നിർബ്ബന്ധമല്ല. നിർദ്ദിഷ്ട ഫീസ് നൽകിയില്ലെങ്കിലും അവരും പി റ്റി എ യിൽ അംഗങ്ങളായിരിക്കും. അംഗത്വ ഫീസിന്റെ പ്രതിശീർഷ നിരക്ക് താഴെപ്പറയുന്നു.<br>എൽ പി വിഭാഗം-10 രൂപ<br>യു.പി.വിഭാഗം- 25 രൂപ<br>ഹൈസ്കൂൾ വിഭാഗം-50 രൂപ |

| | | |
|---|---|---|
| | | ഹയർ സെക്കണ്ടറി/<br>വി എച്ച് എസ് ഇ വിഭാഗം-100 രൂപ<br>കൂടാതെ മുൻ വർഷത്തെ മൂന്നാം ടേമിലെ പി റ്റി എ ജനറൽ ബോഡിയിൽ തീരുമാനിക്കുകയാണെങ്കിൽ നടപ്പ് അക്കാദമിക വർഷത്തെ പ്രത്യേകം നിർവ്വചിക്കപ്പെട്ടിട്ടുള്ള അക്കാദമിക ആവശ്യങ്ങൾക്കായി താഴെ കൊടുത്തിരിക്കുന്ന പരമാവധി നിരക്കിൽ രക്ഷിതാക്കളിൽ നിന്ന് ഫണ്ട് ശേഖരിക്കാവുന്നതാണ്.<br>എൽ പി വിഭാഗം- 20 രൂപ<br>യു.പി. വിഭാഗം -50 രൂപ<br>ഹൈസ്കൂൾ വിഭാഗം- 100 രൂപ<br>ഹയർ സെക്കണ്ടറി/<br>വി എച്ച് എസ് ഇ വിഭാഗം- 400 രൂപ<br>പി റ്റി എ അംഗത്വ ഫീസും സർക്കാർ നിയമപ്രകാരം എന്തെങ്കിലും നിർദ്ദിഷ്ട ഫീസും ഒഴികെ യാതൊരു ഫീസും നൽകുവാൻ രക്ഷിതാക്കൾ ബാദ്ധ്യസ്ഥരല്ല. അവരെ അതിന് നിർബ്ബന്ധിക്കുവാനും പാടില്ല. |
| (ബി) | പി.ടി.എ ഫണ്ട് സ്വീകരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ